# 097/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളിലും അവയുടെ കാലഗണനയിലും തെറ്റായ ജോഡിയേതെന്ന് കണ്ടെത്തുക :

(i) പാലിയം സത്യാഗ്രഹം – 1947-48
(ii) നിവർത്തന പ്രക്ഷോഭം – 1935
(iii) പട്ടിണി ജാഥ – 1936
(iv) ഗുരുവായൂർ സത്യാഗ്രഹം – 1931-32

(A) (i) & (iii)
(B) (ii) & (iv)
(C) (ii)
(D) (iv)

2. പോർച്ചുഗീസ് കാലഘട്ടത്തിൽ നടന്ന ഉദയംപേരൂർ സുന്നഹദോസിന്റെ (1599) അദ്ധ്യക്ഷൻ :

(A) ജോവന്നീസ് ഗോൺസാൽവെസ്
(B) ബിഷപ്പ് അലെക്സീസ് ഡി മെനസ്സിസ്
(C) ഗാഷ്യാ ഡി ഒർത്താ
(D) ബിഷപ്പ് അഹറ്റല്ല

3. താഴെ തന്നിരിക്കുന്ന ഇന്ത്യയിലെ സാമൂഹിക പ്രസ്ഥാനങ്ങളുടേയും അവയുടെ സ്ഥാപകരുടേയും ശരിയായ ജോഡിയേത്?

(i) സത്യശോധക് സമാജം – ജ്യോതിറാവുഫൂലെ
(ii) ആര്യസമാജം – ആത്മാറാം പാണ്ഡുരംഗ്
(iii) പ്രാർത്ഥനാസമാജം – സ്വാമി ദയാനന്ദ സരസ്വതി
(iv) ഹിതകാരിണി സമാജം – വീരേശലിംഗം

(A) (i) & (iv) എന്നിവ ശരി
(B) (i), (iii) & (iv) എന്നിവ ശരി
(C) (ii) & (i) എന്നിവ ശരി
(D) എല്ലാം ശരിയാണ്

4. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് "പിൻ തീയതി വച്ച ചെക്ക്" എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് :

(A) രണ്ടാം വട്ടമേശ സമ്മേളനം
(B) കാബിനറ്റ് മിഷൻ
(C) ആഗസ്റ്റ് ഓഫർ
(D) ക്രിപ്സ് മിഷൻ

5. ജർമ്മൻ ഏകാധിപതിയായിരുന്ന അഡോൾഫ് ഹിറ്റ്ലറുടെ രഹസ്യപോലീസ് അറിയപ്പെട്ടിരുന്നത് :

(A) ബ്ലാക്ക് ഷർട്ട്സ്
(B) റെഡ് ഷർട്ട്സ്
(C) റെഡ് ആർമി
(D) ഗസ്റ്റപ്പോ

6. അന്താരാഷ്ട്ര ക്രിക്കറ്റ് കൌൺസിലിൻറെ (ICC) നേതൃത്വത്തിൽ 2024, T-20 ക്രിക്കറ്റ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യങ്ങൾ; ശരിയായത് കണ്ടെത്തുക :

(i) അമേരിക്ക – ന്യൂസിലാൻഡ്
(ii) അമേരിക്ക – കാനഡ
(iii) അമേരിക്ക – വെസ്റ്റിൻഡീസ്
(iv) അമേരിക്ക – ആസ്ട്രേലിയ

(A) (i) & (iv) എന്നിവ ശരി
(B) (ii) & (iv) എന്നിവ ശരി
(C) (iii) മാത്രം ശരി
(D) (iii) & (i) എന്നിവ ശരി

7. ദുർഘടമായ പ്രദേശങ്ങളുടെ ഉയരം ഭൂസർവ്വേയിലൂടെ കണ്ടെത്താൻ കഴിയാതെ വരുമ്പോൾ ആ പ്രദേശത്തിന്റെ ഉയരം തുടർച്ചയില്ലാത്ത രേഖകളാൽ ഭൂപടങ്ങളിൽ സൂചിപ്പിക്കുന്ന രീതി :

(A) കോണ്ടൂർ ലൈൻ
(B) ഫോം ലൈൻ
(C) സ്പോട്ട് ഹൈറ്റ്
(D) ബെഞ്ച് മാർക്ക്

8. ലിപ്പുലേഖ് ചുരം ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ :

(A) ഉത്തരാഖണ്ഡ് - ടിബറ്റ്
(B) ഹിമാചൽ പ്രദേശ് - ടിബറ്റ്
(C) സിക്കിം - ടിബറ്റ്
(D) ശ്രീനഗർ - കാർഗിൽ

9. ഇന്ത്യയിൽ ഏറ്റവും കൂടിയ ചൂട് രേഖപ്പെടുത്തിയ സ്ഥലം :

(A) ബാർമർ - രാജസ്ഥാൻ
(B) മുംഗേഷ്പ്പൂർ - ഡൽഹി
(C) ഫലോഡി - രാജസ്ഥാൻ
(D) കർഗോൺ - മദ്ധ്യപ്രദേശ്

10. നിംബസ് മേഘങ്ങളുടെ പ്രത്യേകതകൾ ഉൾപ്പെടുന്ന ജോഡി കണ്ടെത്തുക:

(i) താഴ്ന്ന വിതാനത്തിൽ കാണപ്പെടുന്ന ഇരുണ്ട മേഘങ്ങൾ
(ii) ഉയർന്ന സംവഹന പ്രവാഹ ഫലമായി രൂപം കൊള്ളുന്നു
(iii) തെളിഞ്ഞ ദിനാന്തരീക്ഷത്തിൽ വളരെ ഉയരത്തിൽ പഞ്ഞിക്കെട്ടുകൾ പോലെ കാണപ്പെടുന്നു
(iv) സൂര്യപ്രകാശത്തെ കടത്തി വിടാതെ ഇരുണ്ട നിറത്തിൽ കാണപ്പെടുന്നു

(A) (i) & (ii)
(B) (ii) & (iv)
(C) (ii) only
(D) (i) & (iv)

11. കാഞ്ചൻ ജംഗയെക്കുറിച്ചുള്ള വിശേഷണങ്ങളിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക :

(i) ലോകത്തിലെ ഏറ്റവും ഉയരം കൂടിയ മൂന്നാമത്തെ കൊടുമുടി

(ii) കൊടുമുടികളുടെ ശൃംഗത്തിൽ ചവിട്ടരുത് എന്ന വ്യവസ്ഥയോടെ പർവ്വതാരോഹകരെ കയറ്റി വിടുന്ന കൊടുമുടി

(iii) നേപ്പാളിൽ സാഗർമാത എന്നറിയപ്പെടുന്നു

(iv) ലോകത്തിലെ ഏറ്റവും അപകടകാരിയായ പർവ്വത നിര

(A) (i) & (ii) (B) (ii) & (iv)

(C) (ii) only (D) (i) & (iv)

12. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായവ കണ്ടെത്തുക :

| | ഡാം | സംസ്ഥാനം | നദി |
|---|---|---|---|
| (A) | ദുൽഹസ്തി ഡാം | - ഹിമാചൽ പ്രദേശ് | - ചിനാബ് |
| (B) | അലമാട്ടി ഡാം | - കർണ്ണാടക | - കൃഷ്ണ |
| (C) | സർദാർ സരോവർ | - രാജസ്ഥാൻ | - താപ്തി |
| (D) | ശ്രീശൈലം | - ആന്ധ്രാപ്രദേശ് | - ഗോദാവരി |

13. ഇന്ത്യൻ കാർഷികോല്പന്ന കയറ്റുമതിയിൽ ആദ്യ മൂന്ന് സ്ഥാനത്ത് നിൽക്കുന്ന കാർഷിക വിളകൾ താഴെ നൽകുന്നു. ശരിയായ ക്രമത്തിലുള്ളത് കണ്ടെത്തി എഴുതുക :

(A) ബസ്മതി ഒഴികെയുള്ള അരി, സമുദ്രോൽപ്പന്നങ്ങൾ, പഞ്ചസാര

(B) സമുദ്രോൽപ്പന്നങ്ങൾ, ബസ്മതി ഒഴികെയുള്ള അരി, പഞ്ചസാര

(C) പഞ്ചസാര, സമുദ്രോൽപ്പന്നങ്ങൾ, ബസ്മതി ഒഴികെയുള്ള അരി

(D) ബസ്മതി ഒഴികെയുള്ള അരി, പഞ്ചസാര, സമുദ്രോൽപ്പന്നങ്ങൾ

14. 1991 ലെ സാമ്പത്തിക നയത്തിന്റെ ഭാഗമായി ധനകാര്യ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങളെ കുറിച്ചുള്ള പ്രസ്താവനകൾ നൽകിയിരിക്കുന്നു. ഇവയെക്കുറിച്ചുള്ള ശരിയായ ഓപ്ഷൻ കണ്ടെത്തി എഴുതുക :

പ്രസ്താവന (i) : RBI യെ ഒരു നിയന്ത്രക സ്ഥാപനം എന്നതിൽ നിന്നും സഹായക സ്ഥാപനമാക്കി മാറ്റുക

പ്രസ്താവന (ii) : സ്വകാര്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനു അനുമതി നല്കി

പ്രസ്താവന (iii) : ബാങ്കുകളിലെ വിദേശ നിക്ഷേപ പരിധി 75 ശതമാനമാക്കി ഉയർത്തി

(A) പ്രസ്താവനകൾ (i), (ii) ശരി, (iii) ശരിയല്ല

(B) പ്രസ്താവനകൾ (i), (iii) ശരി, (ii) ശരിയല്ല

(C) പ്രസ്താവനകൾ (ii), (iii) ശരി, (i) ശരിയല്ല

(D) പ്രസ്താവനകൾ (i), (ii), (iii) ശരി

15. നീതി ആയോഗിന്റെ നാലാം വട്ട വാർഷിക ആരോഗ്യ സൂചികയിലെ റെഫറൻസ് വർഷ (2019-20) റാങ്കനുസരിച്ചു വലിയ സംസ്ഥാനങ്ങൾക്കിടയിലെ ആകെ പ്രകടനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന നാലു സംസ്ഥാനങ്ങൾ നൽകിയിരിക്കുന്നു. ആരോഹണക്രമത്തിൽ ശരിയായത് തെരഞ്ഞെടുക്കുക :

(A) കേരളം, തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്

(B) കേരളം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലുങ്കാന

(C) തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, തെലുങ്കാന

(D) തമിഴ്നാട്, കേരളം, തെലുങ്കാന, ആന്ധ്രാപ്രദേശ്

16. രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്നവയിൽ ശരിയല്ലാത്ത വസ്തുത ഏതാണ്?

(A) അടിസ്ഥാന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി
(B) വളർച്ചാലക്ഷ്യം 5.6 ശതമാനമായിരുന്നു
(C) പൊതുമേഖലക്കു കൂടുതൽ പ്രാധാന്യം നൽകി
(D) മഹലനോബിസ് മോഡലിനെ അടിസ്ഥാനമാക്കിയാണ് പ്ലാൻ നടപ്പിലാക്കിയത്

17. റിസർവ്വ് ബാങ്കിന്റെ പണനയവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളെ കുറിച്ചുള്ള ശരിയായ ഒപ്ഷൻ കണ്ടെത്തി എഴുതുക :

പ്രസ്താവന (i) : വാണിജ്യ ബാങ്കുകൾക്ക് വായ്പ നല്കുമ്പോൾ റിസർവ്വ് ബാങ്ക് ഈടാക്കുന്ന നിരക്കാണ് റിപ്പോ റേറ്റ്

പ്രസ്താവന (ii) : വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുമ്പോൾ റിസർവ്വ് ബാങ്ക് അവർക്ക് നൽകുന്ന നിരക്കാണ് റിവേഴ്സ് റിപ്പോ റേറ്റ്

പ്രസ്താവന (iii) : റിവേഴ്സ് റിപ്പോ നിരക്ക് എല്ലായ്പ്പോഴും റിപ്പോ നിരക്കിനേക്കാൾ കൂടുതലായിരിക്കും

(A) പ്രസ്താവനകൾ (i), (ii) ശരി, (iii) ശരിയല്ല
(B) പ്രസ്താവനകൾ (i), (iii) ശരി, (ii) ശരിയല്ല
(C) പ്രസ്താവനകൾ (ii), (iii) ശരി, (i) ശരിയല്ല
(D) പ്രസ്താവനകൾ (i), (ii), (iii) ശരിയാണ്

18. ഹരിതവിപ്ലവത്തിന്റെ ഫലങ്ങളിൽ ഉൾപ്പെടാത്തത് കണ്ടെത്തി എഴുതുക :

(A) ഭക്ഷ്യധാന്യ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചു
(B) ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞു
(C) കാർഷികോൽപ്പാദനക്ഷമത വർദ്ധിച്ചു
(D) തൊഴിൽ ലഭ്യത കുറഞ്ഞു

19. താഴെ നൽകിയിരിക്കുന്ന പട്ടികയിൽ 2021-22 ലെ മൊത്തം കൂട്ടിച്ചേർത്ത മൂല്യത്തിലേക്കുള്ള (GVA) വിവിധ മേഖലകളുടെ സംഭാവന നൽകിയിരിക്കുന്നു. ഓരോന്നിന്റെയും യഥാർത്ഥ മൂല്യം കണ്ടെത്തി കോളം A കോളം B യുമായി യോജിപ്പിക്കുക :

| | A | | B |
|---|---|---|---|
| (i) | പ്രാഥമിക മേഖല | (a) | 52.50% |
| (ii) | ദ്വിതീയ മേഖല | (b) | 26.50% |
| (iii) | തൃതീയ മേഖല | (c) | 21.00% |

(A) (i)-(a), (ii)-(b), (iii)-(c)
(B) (i)-(a), (ii)-(c), (iii)-(b)
(C) (i)-(c), (ii)-(b), (iii)-(a)
(D) (i)-(b), (ii)-(a), (iii)-(c)

20. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്ത്വങ്ങളുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക :

(i) ഭരണഘടനയിലെ 15 വകുപ്പുകൾ (36 വകുപ്പ് മുതൽ 51 വകുപ്പു വരെ) നിർദ്ദേശക തത്ത്വങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു

(ii) നിർദ്ദേശക തത്ത്വത്തിന്റെ ആശയം കടമെടുത്തത് ഐറിഷ് ഭരണഘടനയിൽ നിന്നും ആണ്

(iii) നിർദ്ദേശക തത്ത്വങ്ങളിലെ വകുപ്പ് 45, രാജ്യത്ത് നടപ്പിലാക്കി

(iv) നിർദ്ദേശക തത്ത്വങ്ങൾ ന്യായവാദങ്ങൾ അല്ല

(A) (i) (B) (ii)
(C) (iii) (D) (iv)

21. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) രാഷ്ട്രപതി പാർലമെന്റിലെ അംഗമാണ്

(ii) ഉപരാഷ്ട്രപതി പാർലമെന്റിലെ അംഗമാണ്

(iii) ലോകസഭാ സ്പീക്കർക്ക് വീറ്റോ അധികാരം ഉണ്ട്

(iv) ഉപരാഷ്ട്രപതിയാകാൻ 30 വയസ്സ് പൂർത്തിയായിരിക്കണം

(A) (i) (B) (ii)
(C) (iii) (D) (iv)

22. ഇന്ത്യൻ ഭരണഘടനയിലെ മൗലികകടമകളെക്കുറിച്ച് തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

(i) 6-18 വയസ്സ് പ്രായമുള്ള കുട്ടികളെ സ്കൂളിൽ അയക്കേണ്ടത് എല്ലാ രക്ഷാകർത്താക്കളുടേയും കടമയാണ്

(ii) പൊതുസ്വത്ത് സംരക്ഷിക്കുക, അക്രമം ഒഴിവാക്കുക

(iii) ശാസ്ത്രബോധവും മനുഷ്യത്വവും വളർത്തിയെടുക്കുക

(iv) ആവശ്യപ്പെടുമ്പോൾ രാജ്യത്തെ സംരക്ഷിക്കുകയും ദേശീയ സേവനങ്ങൾ നൽകുകയും ചെയ്യുക

(A) (ii), (iii) (B) (i), (iii)
(C) (i) (D) (iv)

23. കേന്ദ്രമന്ത്രിസഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

(i) ഒരു വകുപ്പിന്റേയും സ്വതന്ത്ര ചുമതല ലഭിക്കാത്ത മന്ത്രിമാരാണ് ഉപമന്ത്രിമാർ

(ii) ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളുടെ സ്വതന്ത്ര ചുമതലയുള്ള മന്ത്രിമാരാണ് സഹമന്ത്രിമാർ

(iii) നിർമ്മലാ സീതാരാമൻ, അമിത്ഷാ തുടങ്ങിയവർ ക്യാബിനറ്റ് മന്ത്രിമാരാണ്

(iv) ഇന്ത്യയിലെ മന്ത്രിമാരിൽ ഏറ്റവും ഉയർന്ന റാങ്കിലുള്ളവരാണ് സഹമന്ത്രിമാർ

(A) (i), (ii) (B) (iii), (iv)
(C) (ii), (iii) (D) (i), (iii)

24. ഇന്ത്യയിലെ ഉപരാഷ്ട്രപതിമാരെ കാലക്രമത്തിൽ എഴുതുക :

(i) വി.വി. ഗിരി

(ii) ആർ. വെങ്കിട്ടരാമൻ

(iii) ജഗദീപ് ധൻകർ

(iv) മൊഹമ്മദ് ഹമീദ് അൻസാരി

(A) (i), (ii), (iii), (iv)

(B) (i), (ii), (iv), (iii)

(C) (ii), (iii), (iv), (i)

(D) (ii), (i), (iv), (iii)

25. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | ഹേബിയസ് കോർപ്പസ് | (1) | എന്ത് അധികാരത്തിൽ |
| (ii) | മാൻഡമസ് | (2) | ശരീരം ഹാജരാക്കുക |
| (iii) | പ്രൊഹിബിഷൻ | (3) | നിരോധനം |
| (iv) | കൊവാറന്റോ | (4) | ഞങ്ങൾ ആജ്ഞാപിക്കുന്നു |

(A) (i)-(2), (ii)-(4), (iii)-(3), (iv)-(1)

(B) (i)-(2), (ii)-(3), (iii)-(4), (iv)-(1)

(C) (i)-(3), (ii)-(4), (iii)-(1), (iv)-(2)

(D) (i)-(4), (ii)-(1), (iii)-(2), (iv)-(3)

26. ശരിയായ പ്രസ്താവനകൾ ഏവ?

(i) ഐക്യരാഷ്ട്ര സംഘടനയിൽ ഇപ്പോൾ 193 അംഗരാജ്യങ്ങളും 2 നിരീക്ഷക രാജ്യങ്ങളുമുണ്ട്

(ii) ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം ന്യൂയോർക്ക് ആണ്.

(iii) ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ ആയിരുന്ന കോഫി അന്നൻ ഘാനക്കാരൻ ആയിരുന്നു

(iv) യുനെസ്കോയുടെ (UNESCO) യുടെ ആസ്ഥാനം പാരീസ് ആണ്.

(A) (i), (ii), (iii)

(B) (i), (iii), (iv)

(C) (i), (ii)

(D) (i), (ii), (iii), (iv)

27. നീതി ആയോഗിന്റെ (NITI Aayog) പൂർണ്ണരൂപം ഏത്?

(A) നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രെയിനിംഗ് ഇന്ത്യ

(B) നേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ

(C) നാഷണൽ ട്രാൻസ്ഫോർമിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇന്ത്യ

(D) നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ

28. താഴെ തന്നിരിക്കുന്നവയെ അഖിലേന്ത്യാ സർവ്വീസ്, കേന്ദ്ര സർവ്വീസ്, സംസ്ഥാന സർവ്വീസ് എന്നിങ്ങനെ തരംതിരിക്കുക :

(i) ഇന്ത്യൻ തപാൽ സർവ്വീസ്
(ii) ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്
(iii) വില്പന നികുതി
(iv) റെയിൽവേ
(v) ഇന്ത്യൻ പോലീസ് സർവ്വീസ്

(A) സംസ്ഥാന സർവ്വീസ് - വില്പന നികുതി
അഖിലേന്ത്യാ സർവ്വീസ് - ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ്
കേന്ദ്ര സർവ്വീസ് - ഇന്ത്യൻ തപാൽ സർവ്വീസ്, റെയിൽവേ

(B) സംസ്ഥാന സർവ്വീസ് - വില്പന നികുതി
അഖിലേന്ത്യാ സർവ്വീസ് - ഇന്ത്യൻ പോലീസ് സർവ്വീസ്, ഇന്ത്യൻ തപാൽ സർവ്വീസ്
കേന്ദ്ര സർവ്വീസ് - റെയിൽവേ, ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്

(C) സംസ്ഥാന സർവ്വീസ് - വില്പന നികുതി
അഖിലേന്ത്യാ സർവ്വീസ് - റെയിൽവേ, ഇന്ത്യൻ തപാൽ സർവ്വീസ്
കേന്ദ്ര സർവ്വീസ് - ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ്

(D) സംസ്ഥാന സർവ്വീസ് - ഇന്ത്യൻ പോസ്റ്റൽ സർവ്വീസ്
അഖിലേന്ത്യാ സർവ്വീസ് - റയിൽവേ, വില്പന നികുതി
കേന്ദ്ര സർവ്വീസ് - ഇന്ത്യൻ പോലീസ് സർവ്വീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്

29. 73-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

(i) XI-ാം പട്ടിക ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു
(ii) സ്ത്രീകൾക്ക് സീറ്റുകൾ സംവരണം ചെയ്തു
(iii) 73-ാം ഭേദഗതി നിലവിൽ വന്നത് 1990 ൽ ആണ്
(iv) നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ഈ ഭേദഗതി നിലവിൽ വന്നത്

(A) (iii), (iv)
(B) (i), (iv)
(C) (iii)
(D) (iv)

30. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

(i) 1987 മുതൽ 1991 വരെയുള്ള ഇ.കെ. നായനാരുടെ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയായിരുന്നു കെ. ചന്ദ്രശേഖരൻ
(ii) കേരളാമന്ത്രിസഭയിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്നു ജോസഫ് മുണ്ടശ്ശേരി
(iii) 2011 മുതൽ 2016 വരെയുള്ള ഉമ്മൻ ചാണ്ടി മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്നു പി.കെ. അബ്ദുറബ്ബ്
(iv) പട്ടം എ. താണുപിള്ളയുടെ മന്ത്രിസഭയിലുണ്ടായിരുന്ന ആർ. ശങ്കർ കേരളത്തിലെ രണ്ടാമത്തെ വിദ്യാഭ്യാസമന്ത്രി

(A) (i), (iii), (iv)
(B) (i), (ii), (iv)
(C) (ii), (iii), (iv)
(D) (i), (ii), (iii)

31. കേരളാ ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

(i) കേരളത്തിൽ ഈ നിയമത്തിന് തുടക്കം കുറിച്ചത് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്

(ii) 1957 ൽ കേരളാ ഒഴിപ്പിക്കൽ നിരോധനിയമം നടപ്പാക്കി

(iii) ഐക്യ കേരളത്തിലെ ആദ്യത്തെ ഭൂപരിഷ്കരണ നിയമം 1959 ജൂൺ 10 ന് കേരള നിയമനിർമ്മാണ സഭ പാസ്സാക്കി

(iv) കേരളത്തിലെ സമ്പന്നവിഭാഗം അവരുടെ ഭൂസ്വത്ത് സംരക്ഷിക്കാനായി നടത്തിയ സമരമാണ് കള്ളിക്കാട് സമരം

(A) (iv)
(B) (iii)
(C) (ii)
(D) (i)

32. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തികൾ ഏതെല്ലാം?

(i) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾ

(ii) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തികൾ

(iii) ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

(iv) റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ

(A) (i), (ii), (iii)
(B) (i), (ii), (iv)
(C) (ii), (iii), (iv)
(D) (i), (ii), (iii), (iv)

33. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | ധനകാര്യ കമ്മീഷൻ | (1) | 226-ാം വകുപ്പ് |
| (ii) | സ്വത്തവകാശം | (2) | 280-ാം വകുപ്പ് |
| (iii) | രാഷ്ട്രപതിയുടെ ഇംപീച്ച്മെന്റ് | (3) | 300 A വകുപ്പ് |
| (iv) | ഹൈക്കോടതിയുടെ റിട്ട് അധികാരം | (4) | 61-ാം വകുപ്പ് |

(A) (i)-(3), (ii)-(1), (iii)-(2), (iv)-(4)
(B) (i)-(2), (ii)-(1), (iii)-(4), (iv)-(3)
(C) (i)-(2), (ii)-(3), (iii)-(4), (iv)-(1)
(D) (i)-(2), (ii)-(3), (iii)-(1), (iv)-(4)

34. താഴെ കൊടുത്തിരിക്കുന്നവയിൽ മിനുസപേശിയെക്കുറിച്ച് തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?

(i) അസ്ഥികളുമായി ചേർന്നു കാണപ്പെടുന്നു

(ii) രക്തക്കുഴലുകളിൽ കാണപ്പെടുന്നു

(iii) കുറുകെ വരകൾ കാണപ്പെടുന്നു

(iv) അനൈച്ഛിക ചലനങ്ങൾ സാധ്യമാക്കുന്നു

(A) (i), (ii)
(B) (i), (iii)
(C) (iii), (iv)
(D) (ii), (iii)

35. അക്ഷാസ്ഥികൂടവുമായി ബന്ധപ്പെട്ട ചിത്രീകരണം നിരീക്ഷിച്ച് ശരിയായ ജോഡി തെരഞ്ഞെടുക്കുക :

(A) വാരിയെല്ലുകൾ - 24 അസ്ഥികൾ (B) നട്ടെല്ല് - 1 അസ്ഥി
(C) മാറെല്ല് - 4 അസ്ഥികൾ (D) തലയോട് - 39 അസ്ഥികൾ

36. ശ്വാസകോശത്തെ പൊതിഞ്ഞുള്ള ഇരട്ടസ്തരം ഏത്?

(A) കോർണിയ (B) വായുഅറ
(C) പ്ലൂറ (D) ഡയഫ്രം

37. സന്ധികളെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) വിജാഗിരി സന്ധി കാൽമുട്ടിൽ കാണപ്പെടുന്നു
(ii) ഇടുപ്പെല്ല്, തുടയെല്ല് ചേരുന്ന സന്ധിയാണ് കീലസന്ധി
(iii) ഗോളര സന്ധി നട്ടെലിന്റെ ആദ്യ കശേരുവുമായി തലയോട്ടിനെ ബന്ധിപ്പിക്കുന്നു
(iv) തെന്നി നീങ്ങുന്ന സന്ധി രണ്ട് അസ്ഥികളുടെ ചെറുതായ ചലനം സാധ്യമാക്കുന്നു

(A) (i) (B) (iv)
(C) (ii) (D) (iii)

38. ഉമിനീരിൽ അടങ്ങിയിരിക്കുന്ന രാസാഗ്നി :

(A) ലിപ്പേസ് (B) ട്രിപ്സിൻ
(C) ലൈസോസോം (D) ആഗ്നേയരസം

39. രക്തം കട്ടപിടിക്കലിന്റെ ശരിയായ ക്രമം ഏത്?

(i) ഫൈബ്രിനോജൻ → ഫൈബ്രിൻ നാരുകൾ
(ii) പ്രോത്രോംബിൻ → ത്രോംബിൻ
(iii) ത്രോംബോപ്ലാസ്റ്റിൻ എന്ന രാസാഗ്നി ഉണ്ടാകുന്നു

(A) (i) → (iii) → (ii) (B) (iii) → (i) → (ii)
(C) (i) → (ii) → (iii) (D) (iii) → (ii) → (i)

40. ഇന്ത്യൻ ടിബി റിപ്പോർട്ട് 2023 അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ടിബിഎച്ച്ഐവി ഇൻഫെക്ഷൻ കേസുകൾ ഉള്ള സംസ്ഥാനമേത്?

(A) കർണ്ണാടക (B) ആന്ധ്രാപ്രദേശ്
(C) മഹാരാഷ്ട്ര (D) കേരളം

41. ഇപ്പോഴത്തെ കേന്ദ്ര ആരോഗ്യമന്ത്രി :

(A) ഡോ. മൻസുഖ് മാണ്ഡവ്യ (B) ഡോ. ജിതേന്ദ്ര സിംഗ്
(C) റാവു ഇന്ദർജിത് സിംഗ് (D) ഡോ. സഞ്ജീവ് കുമാർ

42. ഒരു വസ്തുവിലടങ്ങിയിരിക്കുന്ന ദ്രവ്യത്തിന്റെ അളവ് :

(A) ആക്കം (B) മാസ്

(C) ഭാരം (D) പ്രവേഗം

43. ദർപ്പണത്തിന്റെ പ്രതിപതനതലത്തിന്റെ മധ്യബിന്ദു :

(A) വക്രതാ ആരം (B) അപ്പർച്ചർ

(C) പോൾ (D) മുഖ്യഅക്ഷം

44. ലോഹങ്ങളെ അടിച്ചു പരത്തി കനം കുറഞ്ഞ തകിടുകളാക്കി മാറ്റുന്ന സവിശേഷത :

(A) കാഠിന്യം (B) ലോഹദ്യുതി

(C) മാലിയബിലിറ്റി (D) താപചാലകത

45. സൌരയൂഥത്തിലുള്ള ഏറ്റവും ചെറിയ ഗ്രഹം :

(A) ബുധൻ (B) ശുക്രൻ

(C) ചൊവ്വ (D) ശനി

46. 2023 ലെ ഭൌതികശാസ്ത്രത്തിൽ നോബൽ സമ്മാനം ലഭിച്ചത് ഏത് മേഖലയിലെ കണ്ടുപിടുത്തത്തിനാണ്?

(A) വൈദ്യുതി (B) പ്രകാശം

(C) ക്വാണ്ടം തിയറി (D) അർദ്ധചാലകം

47. $P_1V_1 = P_2V_2$ എന്ന സമവാക്യം ഏതു വാതക നിയമത്തെ സൂചിപ്പിക്കുന്നു?

(A) ചാൾസ് നിയമം (B) ബോയിൽ നിയമം

(C) അവൊഗാഡ്രോ നിയമം (D) ഡാൽട്ടൻസ് നിയമം

48. ഏത് ലോഹം പ്രധാന ഘടകമായുള്ള മിശ്രലോഹത്തെയാണ് അമാൽഗം എന്നു പറയുന്നത്?

(A) ഇരുമ്പ് (B) മഗ്നീഷ്യം

(C) മെർക്കുറി (D) കോപ്പർ

49. ഐസോടോണിക് ലായനികളുടെ ———— തുല്യമായിരിക്കും.

(A) വിസ്കോസിറ്റി (B) പ്രതലബലം

(C) സാന്ദ്രത (D) ഓസ്മോട്ടിക് മർദ്ദം

50. ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ് (BOD) എന്നത് ജലത്തിന്റെ ഗുണനിലവാരം സൂചിപ്പിക്കാൻ വ്യാപകമായി ഉപയോഗിക്കുന്ന ഒരു പരിശോധനയാണ്. കുടിവെള്ളത്തിന്റെ BOD എത്രയാണ്?

(A) 1–2 ppm (B) 10–12 ppm

(C) 5–7 ppm (D) 17–20 ppm

51. ബ്ലൂ ബേബി സിൻഡ്രോം എന്ന അവസ്ഥയ്ക്കു കാരണമായ ലവണം ഏത്?
(A) ക്ലോറൈഡ്
(B) സൾഫേറ്റ്
(C) നൈട്രേറ്റ്
(D) കാർബൊണേറ്റ്

52. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനാര്?
(A) കുമാരനാശാൻ
(B) കുഞ്ചൻ നമ്പ്യാർ
(C) ഉള്ളൂർ എസ് പരമേശ്വരയ്യർ
(D) വള്ളത്തോൾ നാരായണ മേനോൻ

53. ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ സ്വർണ്ണമെഡൽ നേടിയ കായികതാരം ആര്?
(A) മേരി കോം
(B) പി.ആർ. ശ്രീജേഷ്
(C) മൈക്കിൾ ഫെൽപ്സ്
(D) മൈക് ടൈസൺ

54. കെ.സി. ലേഖ ഏത് കായികമേഖലയിലാണ് തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത്?
(A) ബോക്സിംഗ്
(B) ബാസ്കറ്റ് ബാൾ
(C) ഹൈജമ്പ്
(D) ഹോക്കി

55. ഫയദോർ ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവൽ ഏത്?
(A) എന്റെ ഹൃദയത്തിന്റെ ഉടമ
(B) ഒരു സങ്കീർത്തനം പോലെ
(C) അഷ്ടപദി
(D) ഒറ്റച്ചിലമ്പ്

56. 'ഇലഞ്ഞിത്തറമേളം' ഏത് ഉത്സവവുമായി ബന്ധപ്പെട്ടതാണ്?
(A) ഉത്രാളിക്കാവ് പൂരം
(B) തൃശ്ശൂർ പൂരം
(C) ചമ്പക്കുളം വള്ളംകളി
(D) ആറന്മുള വള്ളംകളി

57. 2023 ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ വ്യക്തി:
(A) ദിമിത്രി മുറടോവ്
(B) ആനി എർനോ
(C) നർഗേസ് മൊഹമ്മദി
(D) യോൺ ഫൊസ്സെ

58. ഹരിതവിപ്ലവത്തിന്റെ ഉപജ്ഞാതാവായ ഡോ. എം.എസ്. സ്വാമിനാഥൻ അന്തരിച്ച വർഷം :
(A) 2020
(B) 2023
(C) 2021
(D) 2022

59. ഓപ്പൺ ഓഫീസ് റൈറ്റർ ഏത് സോഫ്റ്റ്‌വെയർ വിഭാഗത്തിൽ ഉൾപ്പെടുന്നു?
(A) വേഡ് പ്രൊസസ്സർ
(B) സ്പ്രെഡ് ഷീറ്റ്
(C) ഇമേജ് എഡിറ്റർ
(D) പ്രെസന്റേഷൻ

60. കേബിൾ ടി.വി. നെറ്റ്‌വർക്കിന് ഉദാഹരണമാണ് :

(A) LAN (B) WAN

(C) MAN (D) PAN

61. 2 KB = ———— ബൈറ്റ്സ്.

(A) 2000 (B) 2020

(C) 2024 (D) 2048

62. ആദിത്യ-L1 ദൌത്യത്തിൽ ഉപയോഗിച്ച റോക്കറ്റ് ഏതാണ്?

(A) GSLV MK3 (B) LVM3

(C) PSLV C57 (D) ASLV

63. 2023 G20 ഉച്ചകോടിയിലെ ഇന്ത്യൻ ഷെർപ ആരാണ്?

(A) ഡോ. പി.കെ. മിശ്ര (B) അമിതാഭ് കാന്ത്

(C) തരുൺ കപൂർ (D) വിവേക് കുമാർ

64. ബാലവേല നിരോധനം നിഷ്കർഷിക്കുന്ന ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം ഏത്?

(A) അനുച്ഛേദം 25 (B) അനുച്ഛേദം 24

(C) അനുച്ഛേദം 23 (D) അനുച്ഛേദം 22

65. ചേരുംപടി ചേർക്കുക :

(i) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ (a) 2013

(ii) സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (b) 1996

(iii) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (c) 1998

(iv) സംസ്ഥാന വനിതാ കമ്മീഷൻ (d) 2007

(A) (i)-(d), (ii)-(a), (iii)-(c), (iv)-(b)

(B) (i)-(a), (ii)-(b), (iii)-(d), (iv)-(c)

(C) (i)-(c), (ii)-(d), (iii)-(a), (iv)-(b)

(D) (i)-(d), (ii)-(a), (iii)-(b), (iv)-(c)

66. 2005 ലെ വിവരാവകാശ നിയമപ്രകാരം വിവരം ലഭിക്കുന്നതിനായി എത്ര ഫീസ് അടയ്ക്കണം?

(A) 50 രൂപ (B) 20 രൂപ

(C) 10 രൂപ (D) 5 രൂപ

67. 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിനെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായവ ഏത്?

(i) ഉപഭോക്താവിന് ഓൺലൈൻ ആയി പരാതി നൽകാം

(ii) ഉപഭോക്താവിന് അയാൾ താമസിക്കുന്ന സ്ഥലത്ത് പരാതി നൽകാം

(iii) ഉപഭോക്താവ് സേവനത്തെ സംബന്ധിച്ചോ സാധനത്തിനെ സംബന്ധിച്ചോ ഉള്ള പരാതി മൂന്നു വർഷത്തിനുള്ളിൽ നൽകേണ്ടതാണ്

(A) പ്രസ്താവന (i) മാത്രം ശരിയാണ്

(B) പ്രസ്താവന (i), (ii) ശരിയാണ്

(C) പ്രസ്താവന (ii), (iii) ശരിയാണ്

(D) പ്രസ്താവന (i), (iii) ശരിയാണ്

68. 2005 ലെ ഗാർഹിക പീഡന നിയമത്തിലെ 9-ാം വകുപ്പ് പ്രകാരം പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതലയിൽ പെടാത്തത് ഏത്?

(A) ഷെൽട്ടർ ഹോമുകളുടെ ഡയറക്ടറി തയ്യാറാക്കുക

(B) ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് സാമ്പത്തിക സഹായത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുക

(C) ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് വൈദ്യസഹായം നൽകുക

(D) ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് സൌജന്യ നിയമസഹായം ഉറപ്പ് വരുത്തുക

69. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നിലവിലെ ചെയർപേഴ്സൺ ആര്?

(A) നസീം അഹമ്മദ്

(B) ആതിഫ് റാഷിദ്

(C) മുഹമ്മദ് ഹമിദ് അൻസാരി

(D) ഇക്ബാൽ സിംഗ് ലാൽപുര

70. 2007 ലെ മാതാപിതാക്കളുടെയും മുതിർന്ന പൌരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമപ്രകാരം ആരെയാണ് മുതിർന്ന പൌരൻ എന്നു നിർവ്വചിച്ചിരിക്കുന്നത്?

(A) അറുപതു വയസ്സോ അതിനു മുകളിലോ പ്രായം ഉള്ളവർ

(B) അറുപത്തിയഞ്ച് വയസ്സോ അതിനു മുകളിലോ പ്രായം ഉള്ളവർ

(C) എഴുപത് വയസ്സോ അതിനു മുകളിലോ പ്രായം ഉള്ളവർ

(D) അറുപത്തിരണ്ട് വയസ്സോ അതിനു മുകളിലോ പ്രായം ഉള്ളവർ

71. ഒറ്റയാനെ കണ്ടെത്തുക :

53, 61, 43, 91

(A) 53 (B) 43
(C) 91 (D) 61

72. $\left(11^3 + 20^2 - 3\right)^{1/3} =$

(A) 15 (B) 14
(C) 13 (D) 12

73. 3, 8, 15, 24, ———

(A) 35 (B) 32
(C) 36 (D) 38

74. രാജുവിന് ഒന്നാംപാദ പരീക്ഷയിൽ 62 മാർക്കും രണ്ടാം പാദ പരീക്ഷയിൽ 48 മാർക്കും കിട്ടി. വാർഷിക പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് എത്ര മാർക്ക് കിട്ടിയാൽ ശരാശരി 60 മാർക്ക് കിട്ടും?

(A) 50 (B) 70
(C) 60 (D) 80

75. രാഹുൽ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് 5 കിലോമീറ്റർ സഞ്ചരിക്കുന്നു. അവിടെനിന്ന് വലത്തോട്ട് 3 കിലോമീറ്റർ സഞ്ചരിച്ചു. വീണ്ടും ഇടത്തേയ്ക്ക് തിരിഞ്ഞ് 4 കിലോമീറ്റർ സഞ്ചരിക്കുന്നു. അവിടെ നിന്ന് ഇടത്തേയ്ക്ക് 3 കിലോമീറ്റർ സഞ്ചരിച്ചു. എങ്കിൽ രാഹുൽ തുടങ്ങിയ സ്ഥലത്തു നിന്നും ഇപ്പോൾ എത്ര കിലോമീറ്റർ അകലെയാണ്?

(A) 8 കിലോമീറ്റർ (B) 9 കിലോമീറ്റർ
(C) 12 കിലോമീറ്റർ (D) 15 കിലോമീറ്റർ

76. $\frac{0.36 \times 6.25}{0.5 \times 0.5 \times 0.06} =$

(A) 250 (B) 200
(C) 150 (D) 350

77. ആനന്ദിന്റെ അച്ഛന്റെ സഹോദരിമാരാണ് രാധിയും രേണുവും. രാധിയുടെ അമ്മയുടെ ഒരേ ഒരു മകന്റെ ഭാര്യയാണ് നിഷ. എങ്കിൽ നിഷയും ആനന്ദും തമ്മിലുള്ള ബന്ധം :

(A) മകൻ (B) സഹോദരൻ
(C) അച്ഛൻ (D) അമ്മാവൻ

78. ഒരു കോഡു ഭാഷയിൽ APPLE എന്ന വാക്ക് ETTPI എന്ന് സൂചിപ്പിക്കാമെങ്കിൽ ORANGE എന്ന വാക്കിനെ എങ്ങനെ സൂചിപ്പിക്കാം?

(A) SVERKI (B) TVERKI
(C) SVEQKI (D) TVESKI

79. 60 കിലോമീറ്റർ/മണിക്കൂർ സ്പീഡിൽ സഞ്ചരിക്കുന്ന 200 മീറ്റർ നീളമുള്ള ഒരു ട്രെയിൻ വഴിയരികിൽ നിൽക്കുന്ന ഒരു വ്യക്തിയെ കടന്നുപോകാൻ എത്ര സമയം വേണം?

(A) 14 Sec (B) 12 Sec
(C) 16 Sec (D) 18 Sec

80. 15 സെന്റിമീറ്റർ ആരമുള്ള ഒരു ലോഹഗോളത്തെ ഉരുക്കി 27 തുല്യ വലിപ്പമുള്ള ചെറുഗോളങ്ങളാക്കി. ചെറുഗോളങ്ങളുടെ ആരം എത്ര ആയിരിക്കും?

(A) 4 (B) 5
(C) 6 (D) 7

81. Fill in the blank suitably using the appropriate clause :
She ———————— the examination, if she had studied well.
(A) had passed (B) would have passed
(C) would pass (D) will pass

82. He has hardly any money ————?
(A) has he? (B) does he?
(C) hasn't he? (D) had he?

83. Report the sentence properly :
"Have you met the Principal?" the teacher said to me.
(A) The teacher asked me, have I met the Principal
(B) The teacher asked me to meet the Principal
(C) The teacher asked me, if I have met the Principal
(D) The teacher asked me, whether I had met the Principal

84. Pick out the correct article and fill the sentence aptly :
After ———— year or two, the question can be reconsidered.
(A) an (B) a
(C) one (D) the

85. Complete the sentence using correct tense :
The bell ———— (ring), before I reached the school.
(A) was ringing (B) rang
(C) had rung (D) rings

86. Give the one word substitute for :
A person who studies about the Sun, the Moon, Stars and the Universe.
(A) Astrologer (B) Cobbler
(C) Astronomer (D) Astrologist

87. Fill in the blank with the opposite of the underlined word :
Swalih looked <u>cheerful</u> where as Sumin looked ————.
(A) gloomy (B) happy
(C) content (D) joyous

88. Which is the apt synonym for the word underlined?
The woman looked very <u>weak</u>.
(A) smart (B) feeble
(C) wicked (D) amiable

89. Use the correctly spelt word to complete the sentence :
If you ———— money, you will quit the business.
(A) loss (B) lost
(C) loose (D) lose

90. Pick out the correct sentence with the right phrasal verb for the underlined word :
The doctor advised me to <u>abandon</u> smoking.
(A) The Doctor advised me to give away smoking
(B) The Doctor advised me to call off smoking
(C) The Doctor advised me to give up smoking
(D) The Doctor advised me to put out smoking

91. പിരിച്ചെഴുതുക : വെൺതിങ്കൾ

(A) വെൺ + തിങ്കൾ
(B) വെണ്മ + തിങ്കൾ
(C) വെൾ + തിങ്കൾ
(D) വെണ്ണ് + തിങ്കൾ

92. ആദേശസന്ധിയ്ക്ക് ഉദാഹരണം :

(A) വിണ്ടലം
(B) തീക്കാറ്റ്
(C) തിരുവാതിര
(D) തണുപ്പുണ്ട്

93. തദ്ധിതത്തിന് ഉദാഹരണം :

(A) ആണ്മ
(B) പെണ്മ
(C) തിന്മ
(D) വെണ്മ

94. വിപരീതപദമെഴുതുക : അഗ്രജൻ

(A) അഭിജ്ഞൻ
(B) അവരജൻ
(C) ആശ്രിതൻ
(D) അഗ്രഗണ്യൻ

95. ജലത്തിന്റെ പര്യായപദമല്ലാത്തത് :

(A) അമൃതം
(B) സലിലം
(C) വാരി
(D) നളിനം

96. "ആനച്ചന്തം" എന്ന ശൈലിയുടെ ആശയം :

(A) ആനയുടെ ചന്തം
(B) വൈരൂപ്യം തോന്നിക്കുന്നത്
(C) ആകപ്പാടെ ഉള്ള ഭംഗി
(D) ആനയുടെ നടത്തം

97. താഴെ പറയുന്നതിൽ ശരിയായ പദം എടുത്തെഴുതുക :

(A) ചൂഡാമണി
(B) ചൂഢാമണി
(C) ചൂടാമണി
(D) ഛൂഡാമണി

98. താഴെ തന്നിരിക്കുന്ന ശൈലിയുടെ വിവർത്തനം എഴുതുക :
"Adding fuel to the fire"

(A) എണ്ണയൊഴിച്ചു തീ കെടുത്തുക
(B) എണ്ണയൊഴിച്ചു തീ കത്തിക്കുക
(C) എരിതീയിൽ എണ്ണ ഒഴിക്കുക
(D) തീ കത്തിക്കാൻ എണ്ണ വേണം

99. "കവി"യുടെ സ്ത്രീലിംഗ പദമേത്?

(A) കവയിത്രി
(B) കവിയത്രി
(C) കവയത്രി
(D) കവിയിത്രി

100. ഒറ്റപ്പദമാക്കുക : വർഷം തോറും

(A) പ്രതിദിനം
(B) പ്രതികർഷം
(C) പ്രതിക്രമം
(D) പ്രതിവർഷം

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:097-2024 M**
**Question Paper Medium:Malayalam**
**Category Code:046/2023,054/2022**
**Name Of Post & Department:LD Clerk/ Accountant/Cashier/ Clerk Cum Accountant/ II Grade Assistant-**
**Date Of Test:30-Jul-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | A | D | D |
| 2 | B | D | D | C |
| 3 | A | D | C | C |
| 4 | D | C | C | B |
| 5 | D | C | B | A |
| 6 | C | B | A | D |
| 7 | B | X | D | A |
| 8 | A | D | A | B |
| 9 | X | A | B | B |
| 10 | D | B | B | A |
| 11 | A | B | A | X |
| 12 | B | A | X | D |
| 13 | B | A | B | A |
| 14 | X | B | A | D |
| 15 | A | A | D | C |
| 16 | B | D | C | B |
| 17 | A | C | B | X |
| 18 | D | B | X | A |
| 19 | C | X | A | B |
| 20 | X | D | A | D |
| 21 | X | B | D | A |
| 22 | C | A | D | C |
| 23 | D | D | A | D |
| 24 | B | D | C | A |
| 25 | A | A | D | D |
| 26 | D | C | A | C |
| 27 | D | D | D | X |
| 28 | A | A | C | X |
| 29 | C | D | X | C |
| 30 | D | C | X | D |
| 31 | A | X | C | B |
| 32 | D | X | D | A |
| 33 | C | C | B | D |
| 34 | B | C | X | C |
| 35 | A | A | D | X |
| 36 | C | X | C | B |
| 37 | A | D | X | A |
| 38 | X | C | B | C |
| 39 | D | X | A | A |
| 40 | C | B | C | X |
| 41 | X | A | A | D |
| 42 | B | C | C | B |
| 43 | C | C | A | B |
| 44 | C | A | B | C |
| 45 | A | B | B | C |
| 46 | B | B | C | A |
| 47 | B | D | A | C |
| 48 | C | A | C | B |
| 49 | D | C | B | C |
| 50 | A | B | C | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | C | D | A |
| 52 | D | A | B | B |
| 53 | C | B | C | D |
| 54 | A | B | B | C |
| 55 | B | C | D | A |
| 56 | B | B | C | B |
| 57 | C | D | A | B |
| 58 | B | C | B | C |
| 59 | A | C | B | D |
| 60 | C | B | A | C |
| 61 | D | A | C | B |
| 62 | C | C | D | A |
| 63 | B | D | C | C |
| 64 | B | C | B | A |
| 65 | A | B | D | B |
| 66 | C | B | A | A |
| 67 | B | D | B | C |
| 68 | B | A | A | B |
| 69 | D | B | C | B |
| 70 | A | A | B | D |
| 71 | X | A | B | A |
| 72 | D | B | C | A |
| 73 | A | B | A | B |
| 74 | B | C | A | B |
| 75 | B | A | B | X |
| 76 | C | A | B | D |
| 77 | A | B | X | A |
| 78 | A | B | D | B |
| 79 | B | X | A | B |
| 80 | B | D | B | C |
| 81 | B | D | C | A |
| 82 | B | B | C | B |
| 83 | D | C | A | D |
| 84 | B | C | B | C |
| 85 | C | A | D | B |
| 86 | C | B | C | B |
| 87 | A | D | B | D |
| 88 | B | C | B | B |
| 89 | D | B | D | C |
| 90 | C | B | B | C |
| 91 | C | D | X | A |
| 92 | A | B | C | C |
| 93 | D | X | A | A |
| 94 | B | C | C | D |
| 95 | X | A | A | C |
| 96 | C | C | D | A |
| 97 | A | A | C | D |
| 98 | C | D | A | B |
| 99 | A | C | D | X |
| 100 | D | A | B | C |

'X' denotes deletion

Approved For Publication
Sd/-
Section officer